ഉത്തരം

(എ) കരവാരം പഞ്ചായത്തിലെ പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണജോലികളൊന്നും കൃഷി (മണ്ണു സംരക്ഷണം) വകുപ്പ് ഏറ്റെടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

വായ്പ എഴുതിത്തള്ളുന്നതിന് കൊടുത്ത അപേക്ഷ

1967 [3039] എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറശേഖരമംഗലം വില്ലേജിൽ വാളിയോട് മണ്ണു സംരക്ഷണ പദ്ധതിയുടെ ഭാഗമായി വാളിയോട് ഹരിജൻ കോളനിയിൽ ഹരിജനങ്ങളുടെ തുണ്ടുഭൂമിയിൽ കല്ലടുക്കുന്നതിന് 1981-ൽ കൊടുത്ത വായ്പകൾ തിരിച്ചടയ്ക്കാൻ കഴിവില്ലാത്തതിനാൽ എഴുതിത്തള്ളുന്നതിന് 1984-ൽ സോയിൽ കൺസർവേഷൻ ഡയറക്ടർക്കും ജില്ലാ കളക്ടർക്കും കൊടുത്ത അപേക്ഷയിൻമേൽ എന്തു നടപടി എടുത്തു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വായ്പത്തുക ഇളവുചെയ്ത് കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) അപേക്ഷ കിട്ടിയിട്ടുണ്ട്. പരിശോധിച്ചുവരുന്നു.

അഗളി സെക്ഷൻ സോയിൽ കൺസർവേഷൻ ഓഫീസിൽ പാർട്ട്-ടൈം സ്വീപ്പറുടെ നിയമനം

1968 [3040] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗളി സെക്ഷൻ സോയിൽ കൺസർവേഷൻ ഓഫീസിൽ പാർട്ട്-ടൈം സ്വീപ്പർ പോസ്റ്റിലേക്ക് 1986 ആഗസ്റ്റിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിയമനം സംബന്ധിച്ച നടപടിക്രമം എന്തായിരുന്നുവെന്നു വ്യക്തമാക്കാമോ;

(സി) അട്ടപ്പാടി എംപ്ലോയ്മെൻറ് ബ്യൂറോയിൽനിന്നും തൊഴിലന്വേഷകരുടെ ലിസ്റ്റ് ആവശ്യപ്പെട്ടിരുന്നോ;

(ഡി) ഉണ്ടെങ്കിൽ എത്രപേരുടെ ലിസ്റ്റ് കിട്ടി;

(ഇ) ഇവർക്കെല്ലാം ഇൻറർവ്യൂവിന് ഹാജരാകാൻ അറിയിപ്പു നൽകിയിട്ടുണ്ടോ;

(എഫ്) ഇതിനുള്ള ഇൻറർവ്യൂ എന്നായിരുന്നു;

(ജി) ഈ നിയമനത്തിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ ഇതിനുത്തരവാദികളായവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 22-4-1986-ൽ എം 2/360/86-ാം നമ്പരായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ആവശ്യപ്പെടുകയും അതിൻപ്രകാരം ഓർഡർ നമ്പർ പി. റി. 36/86-ാം നമ്പരായി 2-7-1986-ൽ അഞ്ചുപേരുടെ ലിസ്റ്റ് അയച്ചുതരുകയും ചെയ്തു. 24-7-1986-ൽ പ്രസ്തുത ലിസ്റ്റിലുള്ളവർ ഇൻറർവ്യൂവിന് ഹാജരാകാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത ദിവസം ശ്രീ. കെ. മോഹനൻ എന്ന ഉദ്യോഗാർത്ഥി മാത്രമാണ് ഹാജരായിട്ടുള്ളത്. അദ്ദേഹം നിയമനാർഹൻ എന്നു കണ്ട് നിയമിക്കുകയും ചെയ്തു.

(സി) ആവശ്യപ്പെട്ടിരുന്നു.

(ഡി) അഞ്ചുപേരുടെ.

(ഇ) ഉണ്ട്.

(എഫ്) 24-7-1986 വ്യാഴാഴ്ച രാവിലെ 11 മണിക്ക്.

(ജി) ഇല്ല.

(എച്ച്) ഉദിക്കുന്നില്ല.

ആദംപാറ ഭാഗത്തെ മണ്ണു സംരക്ഷണ പദ്ധതി

1969 [3041] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട വികസന പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ പയ്യാവൂർ പഞ്ചായത്തിലെ ആദംപാറ ഭാഗത്തെ മണ്ണു സംരക്ഷണ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ, ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) 1986-87-ലെ പശ്ചിമഘട്ട വികസന പദ്ധതിയിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല. 1987-88-ൽ നടപ്പാക്കേണ്ട പദ്ധതികൾ ഏതെല്ലാമാണെന്നു തീരുമാനമായിട്ടില്ല.

കന്നുകാലി വർഗ്ഗോദ്ധാരണ പരിപാടി

1970 [3042] ശ്രീ. ടി. കെ. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലി വർഗ്ഗോദ്ധാരണ പരിപാടിയനുസരിച്ച് കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ എത്ര - ബീജാധാനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) ഇതനുസരിച്ച് എത്ര സങ്കരവർഗ്ഗ കന്നുകുട്ടികൾ ജനിച്ചിട്ടുണ്ട് എന്നു വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly